"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഭവനനിർമ്മാണ വകുപ്പ്- ബജറ്റ് 2025-26-കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്- എൽ. ഐ. ജി/ എം.ഐ.ജി 1 ലോൺ ലിങ്ക്ഡ് സബ്സിഡി സ്കീം പദ്ധതിയ്ക്ക്- ഭരണാനുമതി നല്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭവനനിർമ്മാണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.21/2025/HSG തീയതി,തിരുവനന്തപുരം, 08-07-2025

---

പരാമർശം:-

1. സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 13.05.2025-ലെ KSHB-HO/327/2023-AO(L and R) നമ്പർ കത്ത്.
2. 30.05.2025-ൽ ഭവനനിർമ്മാണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വകുപ്പതല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

**ഉത്തരവ്**

ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്ന് ഭവനവായ്പ സഹായം എടുത്തിട്ടുള്ള, കുറഞ്ഞത് 3 സെന്റ് ഭൂമിയുള്ള, എൽ. ഐ. ജി/ എം.ഐ.ജി 1 വിഭാഗത്തിൽപ്പെട്ടവർക്ക് സ്വന്തമായി ഒരു വീട് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിനായുള്ള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പദ്ധതിയാണ് 'ലോൺ ലിങ്ക്ഡ് സബ്സിഡി സ്കീം'. ഒരു വീടിന്റെ ആകെ നിർമ്മാണ ചെലവിന്റെ 25% സർക്കാർ സബ്സിഡിയായി കണക്കാക്കുന്ന ഈ പദ്ധതിയിൽ സർക്കാർ സബ്സിഡി 3 ലക്ഷം രൂപയായി പരിമിതപ്പെടുത്തിയിരിക്കുന്നു. എൽ.ഐ.ജി/എം.ഐ.ജി-1 വിഭാഗത്തിൽ പെട്ടവർക്ക് ലോൺ ലിങ്ക്ഡ് സബ്സിഡി സ്കീം ഉൾപ്പെടെ നടപ്പിലാക്കുന്നതിനായി 2025-26 സാമ്പത്തിക വർഷത്തിൽ 4216-80-800-95(01) എന്ന ശീർഷകത്തിൽ 9,00,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്.

2. 2025-26 സാമ്പത്തിക വർഷത്തെ ലോൺ ലിങ്ക്ഡ് സബ്സിഡി സ്കീമിന്റെ പദ്ധതി വിശദാംശങ്ങൾ പരാമർശം (1) പ്രകാരം സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി ലഭ്യമാക്കുകയും 3 ലക്ഷം രൂപ വീതം 100 വീടുകൾക്ക് സബ്സിഡി വിതരണം ചെയ്യുന്ന വിധം എൽ. ഐ. ജി/ എം.ഐ.ജി 1 ലോൺ ലിങ്ക്ഡ് സബ്സിഡി സ്കീം നടപ്പിലാക്കുന്നതിന് പദ്ധതിക്ക് 300 ലക്ഷം രൂപയുടെ ഭരണാനുമതി നല്കണമെന്ന് അഭ്യർത്ഥിക്കുകയുമുണ്ടായി. പ്രസ്തുത പ്രൊപ്പോസൽ 30.05.2025-ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം വിശദമായി ചർച്ച ചെയ്യുകയും, ₹3,00,00,000/- രൂപയിൽ നിജപ്പെടുത്തി ഭരണാനുമതി നൽകുവാൻ പരാമർശം (2) പ്രകാരം അംഗീകാരം നൽകുകയും ചെയ്തു.

3. മേൽ സാഹചര്യത്തിൽ 2025-26 സാമ്പത്തിക വർഷത്തെ സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ എൽ. ഐ. ജി/ എം.ഐ.ജി 1 ലോൺ ലിങ്ക്ഡ് സബ്സിഡി സ്കീം നടപ്പാക്കുന്നതിന് നിലവിലുള്ള പൊതു വ്യവസ്ഥകൾക്കും നിബന്ധനകൾക്കും ചുവടെ ചേർക്കുന്ന നിബന്ധനകൾക്കും വിധേയമായി 3,00,00,000/- രൂപയിൽ (മൂന്നു കോടി രൂപ മാത്രം)

നിജപ്പെടുത്തി ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനാവശ്യമായ തുക 2025-26 സാമ്പത്തിക വർഷത്തെ 4216-80-800-95 (01) എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്താവുന്നതാണ്.

i. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് പദ്ധതി നടപ്പിലാക്കുന്ന ഏജൻസിയായിരിക്കും. കൂടാതെ KSHB-യുടെ നിരീക്ഷണ സംവിധാനം ഉപയോഗപ്പെടുത്തേണ്ടതാണ്.
ii. വീടുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് KSHB പുരോഗതി നിരീക്ഷിക്കേണ്ടതാണ്.
iii. പദ്ധതിയുടെ കാലാവധി ഒരു വർഷമായിരിക്കും.
iv. ഫണ്ട് റിലീസ് യഥാർത്ഥ ആവശ്യകതയെ അടിസ്ഥാനമാക്കി ഉള്ളതായിരിക്കും.
v. 3 ലക്ഷം രൂപ മുതൽ 12 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾ ആയിരിക്കും പദ്ധതിയുടെ ഗുണഭോക്താക്കൾ.
vi. നിർമ്മാണ ചെലവിന്റെ 25% അല്ലെങ്കിൽ 3 ലക്ഷം രൂപ ഏതാണ് കുറവ് ആയതിൽ സബ്സിഡി തുക പരിമിതപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് പ്രവീൺ
അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ധനകാര്യ (പി.യു-സി) വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പ്
ഐ& പി. ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Krishnakumar S
Date: 08-07-2025 17:11:07
സെക്ഷൻ ഓഫീസർ